(ബി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജുവനൈൽ ജസ്റ്റിസ് ഓഫീസർമാരുടെ സേവനവും ആവശ്യമായ കൗൺസിലിംഗും നടത്തിവരുന്നു. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കുക, ഇന്റർനെറ്റ്, മൊബൈൽ പോലുള്ളവയുടെ ചൂഷണങ്ങളിൽ അകപ്പെടാതിരിക്കുക എന്നു ലക്ഷ്യത്തോടെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ കീഴിൽ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. ഇതിനു പുറമേ 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' എന്ന പദ്ധതി ആവിഷ്കരിച്ച് കുട്ടികൾക്കിടയിൽ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള അവബോധം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് നിയമ നടപടികൾ സ്വീകരിച്ച് അവർക്ക് പരമാവധി ശിക്ഷ നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ ജില്ലാതല ബോധവത്ക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offenses (POCSO) Act 2012-നെ സംബന്ധിച്ച ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

1. മാസ്റ്റർ ഷഹീക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം പീഡനത്തിന് ഇരയാകുന്ന കുട്ടികൾക്ക് അടിയന്തര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും 20,000 രൂപ കരുതൽ തുകയായി അനുവദിച്ചിട്ടുണ്ട്.

2. ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ശാരീരിക/ലൈംഗിക പീഡനങ്ങൾ നേരിടുന്ന കുട്ടികൾക്ക് ധനസഹായവും ചികിത്സാ ചെലവുകളും സംയോജിത ശിശുസംരക്ഷണ പദ്ധതി പ്രകാരം നൽകിവരുന്നു.

കേരള സംസ്ഥാന വനിതാ കമ്മീഷൻ അദാലത്തുകൾ

186 (5539) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വനിതാ കമ്മീഷനിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ വന്ന പരാതികളിൽ ഓരോ വർഷവും എത്ര പരാതികളിൽ തീർപ്പു കൽപ്പിക്കുകയുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത വർഷങ്ങളിൽ വനിതാ കമ്മീഷൻ ഓരോ ജില്ലയിലും എത്ര അദാലത്തുകൾ നടത്തുകയുണ്ടായി ;

(സി) ഓരോ ജില്ലയിലും ഓരോ വർഷവും ഓരോ അദാലത്തിലും എത്ര പരാതികൾ വീതിക്കുകയുണ്ടായി; എന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ)

വർഷം	ലഭിച്ച പരാതികളുടെ എണ്ണം	തീർപ്പു കല്പിച്ച പരാതികളുടെ എണ്ണം
2011-12	6500	2869
2012-13	6802	3500
2013-14	7070	3395
2014-15	6619	3499

(ബി)

ജില്ല	വർഷം			
	2011-12	2012-13	2013-14	2014-15
തിരുവനന്തപുരം	35	17	43	43
കൊല്ലം	2	3	5	8
ആലപ്പുഴ	6	4	8	7
പത്തനംതിട്ട	4	2	5	8
ഇടുക്കി	6	2	6	6
കോട്ടയം	5	6	12	11
എറണാകുളം	7	5	11	9
തൃശ്ശൂർ	5	4	6	8
പാലക്കാട്	5	4	6	8
മലപ്പുറം	4	5	6	5
കോഴിക്കോട്	6	5	5	8
വയനാട്	2	1	4	2
കണ്ണൂർ	3	4	8	7
കാസർഗോഡ്	7	3	2	1

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly